## കേരള സർക്കാർ

നമ്പർ.45969/ഡി.ഡി.1/2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്.
തിരുവനന്തപുരം, തീയതി: 02.01.2012.

### സർക്കുലർ

വിഷയം:- തസ്വഭവ:- ഇന്ദിരാ ആവാസ് യോജന-2006-07-വർദ്ധിപ്പിച്ച നിരക്കിലുള്ള സഹായം നൽകുന്നതിനുള്ള ഓംബുഡ്സ്മാന്റെ നിർദ്ദേശം- സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന :-1. സ.ഉ.(സാധാ)നമ്പർ.586/07/തസ്വഭവ, തീയതി: 27-02-2007.
2. 30-03-07-ലെ16714/ഡി.പി.1/07 തസ്വഭവ നമ്പർ സർക്കുലർ.
3. ഗ്രാമവികസന കമ്മീഷണറുടെ 26-11-2011-ലെ 21590/ ജെ.ആർ.വൈ.1/11/സി.ആർ.ഡി. നമ്പർ കത്ത്.

ഇന്ദിരാ ആവാസ് യോജന പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് സൂചന ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച തുക അനുവദിയ്ക്കുന്നത് സംബന്ധിച്ച് സൂചന രണ്ട് പ്രകാരം വ്യക്തത നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി സ്പഷ്ടീകരണം നൽകുന്നു.

(1) 2007-08 സാമ്പത്തിക വർഷം ഐ.എ.വൈ. വീടുകളുടെ അധിക സഹായം പൂർണ്ണമായും ബ്ളോക്ക് പഞ്ചായത്തുകളാണ് നൽകിയിരുന്നത്. വർദ്ധിപ്പിച്ച നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിന് 01-04-06-ന് ശേഷം കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമേ അവർ വീട് പൂർത്തിയായില്ലെങ്കിൽ വർദ്ധിപ്പിച്ച നിരക്കിൽ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ എന്ന വ്യക്തത നൽകുന്നത് ആ സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിലാണ്. ഭവന നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച 27-02-2007 ഉത്തരവ് പ്രകാരം നിശ്ചയിച്ച തുക ഭവന നിർമ്മാണത്തിന് നൽകുന്ന സഹായത്തിന്റെ പരമാവധി തുകയായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഇത് ഒരു യഥേഷ്ടാനുമതി എന്ന നിലയ്ക്ക് മാത്രമേ കണക്കിലെടുക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ 27-02-2007-ലെ സർക്കാർ ഉത്തരവനുസരിച്ച് വർദ്ധിപ്പിച്ച തുക നൽകുന്നതിന് തീരുമാനമെടുക്കുകയോ, ഇതിന് പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ പുതിയ തോതിലുള്ള നിരക്കിൽ സഹായം നൽകുന്നതിന് ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ലാത്തിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് വിഭവ ലഭ്യതയനുസരിച്ച് അധിക വിഹിതം നൽകുന്നതിന് ബ്ളോക്ക് പഞ്ചായത്ത് തീരുമാനിക്കുകയാണെങ്കിൽ മാത്രമേ വർദ്ധിപ്പിച്ച നിരക്കിൽ സഹായധനം നൽകാൻ കഴിയുകയുള്ളൂ. ആയതിനാൽ വർദ്ധിപ്പിച്ച നിരക്കിൽ

ധനസഹായം അർഹരായ ഗുണഭോക്താക്കൾക്ക് നൽകേണ്ടതുണ്ടോ എന്ന കാര്യത്തിൽ വിഭവത്തിന്റെ ലഭ്യതയനുസരിച്ച് തീരുമാനമെടുക്കേണ്ടത് ബ്ലോക്ക് പഞ്ചായത്താണെന്ന് സ്പഷ്ടീകരണം നൽകുന്നു.

(2) പുതുക്കിയ നിരക്കിലുള്ള ധനസഹായത്തിന്റെ അർഹത സംബന്ധിച്ച കാര്യത്തിൽ 27-02-2007-ലെ സ.ഉ.(സാധാ)നമ്പർ.586/07/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ വീടിന്റെ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സഹായം ബ്ലോക്ക് പഞ്ചായത്ത് തീരുമാനിയ്ക്കുന്ന പക്ഷം നൽകാവുന്നതാണ് .

ജെയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1 . ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
4. എല്ലാ ജില്ലാ കളക്ടർമാർ/ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
5. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര.
9. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
10. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്റ്റ് ഡയറക്ടർമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
13. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , തിരുവനന്തപുരം.
14. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.6
15. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
16. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
17. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്മാരുടെ ചേമ്പർ.
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
19. അക്കൗണ്ടന്റ് ജനറൽ (എ. & ഇ.), കേരള, തിരുവനന്തപുരം.
20. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.